ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 03.08.2024**

## പ്രധാനവാർത്തകൾ

1. **കേരളത്തിലെ കാലാവസ്ഥാ ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ ഇൻഷുറൻസ് ക്ലെയിമുകൾ വേഗത്തിൽ തീർപ്പാക്കാനും, പണം നൽകാനും പൊതുമേഖലാ ഇൻഷുറൻസ് കമ്പനികൾക്ക് നിർദേശം നൽകി ധന മന്ത്രാലയം.**

2. **ഉരുൾപൊട്ടലുണ്ടായ വയനാട്ടിൽ ഇന്നും ഊർജിത തിരച്ചിൽ; ദുരന്തത്തിൽ തകർന്ന ജനവാസമേഖലക്ക് പകരമായി സുരക്ഷിതമായ മറ്റൊരു പ്രദേശത്ത്, ടൗൺഷിപ്പ് നിർമിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**

3. **വയനാട്ടിലെ ദുരന്തമേഖലയിലേക്കുള്ള അനാവശ്യ യാത്രകൾ ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ച് മന്ത്രി പി.എ. മുഹമ്മദ് റിയാസ്.**

4. **ഉരുൾപൊട്ടലിൽ മരിച്ചവരുടെ ആശ്രിതർക്ക് ആശ്വാസധനം നൽകുന്നതിന് സംസ്ഥാന സർക്കാർ നാലു കോടി രൂപ അനുവദിച്ചു; മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള ധനസഹായം തുടരുന്നു.**

5. **കർക്കടകവാവ് ദിനമായ ഇന്ന് പിതൃസ്മരണയിൽ സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ ബലിതർപ്പണ ചടങ്ങുകൾ നടന്നു.**

6. **പാരീസ് ഒളിംപിക്സിൽ ഷൂട്ടിങ്ങിലും അമ്പെയ്ത്തിലും ഇന്ന് ഇന്ത്യയുടെ മെഡൽ പ്രതീക്ഷ മങ്ങി; ഹോക്കി ക്വാർട്ടർ ഫൈനലിൽ ഇന്ത്യ നാളെ ബ്രിട്ടനെ നേരിടും.**

*************************************

## ഇൻഷുറൻസ്- കേന്ദ്ര നിർദ്ദേശം

കേരളത്തിൽ കനത്ത മഴയും, ഉരുൾപൊട്ടലും സൃഷ്ടിച്ച ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഇൻഷുറൻസ് ക്ലെയിമുകൾ വേഗത്തിൽ തീർപ്പാക്കാനും, പണം നൽകാനും കേന്ദ്ര ധന മന്ത്രാലയം പൊതുമേഖലാ ഇൻഷുറൻസ് കമ്പനികൾക്ക് നിർദേശം നൽകി. എൽ. ഐ. സി ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്കാണ് നിർദ്ദേശം. തുക വിതരണം വേഗത്തിലാക്കാൻ, അത്യാവശ്യ രേഖകളുടെ കാര്യത്തിൽ ഇളവുകൾ വരുത്തി. ഇൻഷുറൻസ് കമ്പനികൾ വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം, തൃശൂർ ജില്ലകളിലെ പോളിസി ഉടമകളുമായി ബന്ധപ്പെടാൻ ആരംഭിച്ചിട്ടുണ്ട്. പ്രധാൻ മന്ത്രി ജീവൻ ജ്യോതി ബീമാ യോജനയ്ക്ക് കീഴിലുള്ള പോളിസി ഉടമകളുടെ ക്ലെയിം തുക വേഗത്തിൽ വിതരണം ചെയ്യാനും എൽ ഐ സി യോട് മന്ത്രാലയം ആവശ്യപ്പെട്ടു.

**************************************

## വയനാട് - രക്ഷാപ്രവർത്തനം

വയനാട്ടിൽ ഉരുൾപൊട്ടലുണ്ടായ മേഖലകളിൽ ഇന്നും ഊർജ്ജിത രക്ഷാ ദൗത്യം നടന്നു. യന്ത്രോപകരണങ്ങളും അത്യാധുനിക സെൻസറുകളും വിന്യസിച്ചു കൊണ്ട് ആറു മേഖലകൾ കേന്ദ്രീകരിച്ചാണ് തിരച്ചിൽ നടന്നത്. സൈന്യം, എൻഡിആർഎഫ്, സംസ്ഥാന ഏജൻസികൾ, സന്നദ്ധ സംഘടനകൾ എന്നിവർക്കൊപ്പം പ്രദേശവാസികളും തിരച്ചിലിന്റെ ഭാഗമായി.

**************************************

RNU TVPM

## ചാലിയാർ

മലപ്പുറം ജില്ലയിലെ നിലമ്പൂർ വനമേഖലയിലും ചാലിയാറിന്റെ തീരങ്ങളിലും ഉരുൾപൊട്ടൽ ദുരന്തത്തിൽ അകപ്പെട്ടവർക്കായുള്ള തിരച്ചിൽ ഇന്നും നടന്നു. പ്രതികൂല കാലാവസ്ഥയും മറികടന്നാണ് പുഴയിലും കാട്ടിലുമായി തിരച്ചിൽ നടക്കുന്നത്. അതിനിടെ രക്ഷാപ്രവർത്തനത്തിനെത്തിയ മൂന്ന് പേർ വയനാട് സൂചിപ്പാറയിൽ കുടുങ്ങിയെങ്കിലും മണിക്കൂറുകൾക്ക് ശേഷം ഇവരെ രക്ഷപെടുത്തി.

*************************************

## വയനാട് - മരണം

ഉരുൾപൊട്ടൽ ദുരന്തത്തിൽ 30 കുട്ടികൾ ഉൾപ്പടെ 218 പേരുടെ മരണം സർക്കാർ ഔദ്യോഗികമായി സ്ഥിരീകരിച്ചു. 152 പേരുടെ മൃതദേഹങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. 200-ലധികം പേരെയാണ് ഇനി കണ്ടെത്താനുള്ളത്. രണ്ടായിരത്തോളം പേരെ രക്ഷപ്പെടുത്തി. വയനാട് ജില്ലയിലെ തൊണ്ണൂറിലേറെ ദുരിതാശ്വാസ ക്യാമ്പുകളിലായി നിലവിൽ പതിനായിരത്തോളം പേരാണ് കഴിയുന്നത്.

RNU TVPM

*************************************

## വീണ ജോർജ്- ഡിഎൻഎ ടെസ്റ്റ്

മൃതദേഹങ്ങളും ശരീര ഭാഗങ്ങളും തിരിച്ചറിയുന്നതിനായി, ജീവിച്ചിരിക്കുന്നവരുടെ ഡിഎൻഎ സാമ്പിളുകൾ പരിശോധനയ്ക്ക് എടുക്കുമ്പോൾ, മാനസികമായി അവരെ സജ്ജമാക്കുന്നതിന് ആരോഗ്യ വകുപ്പ് മാനദണ്ഡങ്ങൾ തയ്യാറാക്കിയാതായി മന്ത്രി വീണ ജോർജ്. ദുരന്തത്തിന്റെ ആഘാതവും, കാണാതായവരെക്കുറിച്ചുള്ള ആശങ്കയും അനുഭവിക്കുന്നവരെ മാനസികമായി പരിശോധനക്ക്

സജ്ജമാക്കുകയും, പരിശോധനയുടെ പ്രാധാന്യം ബോധ്യമാക്കുകയും ചെയ്യാൻ ലക്ഷ്യമിട്ടുള്ളതാണ് മാനദണ്ഡങ്ങളെന്ന് മന്ത്രി വ്യക്തമാക്കി.

***********************************

**മുഖ്യമന്ത്രി - ഇൻട്രോ**

ഉരുൾപൊട്ടലുണ്ടായ വയനാട്ടിൽ രക്ഷാപ്രവർത്തനം അവസാന ഘട്ടത്തിലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പ്രതീക്ഷ കൈവിടാതെ പരമാവധി ജീവനുകൾ രക്ഷിക്കുകയാണ് പ്രധാന ലക്ഷ്യം. ദുരന്തത്തിൽ തകർന്ന ജനവാസമേഖലക്ക് പകരമായി സുരക്ഷിതമായ മറ്റൊരു പ്രദേശത്ത്, ടൗൺഷിപ്പ് നിർമ്മിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി.

**വിശദാംശങ്ങളിലേക്ക്...**

(വോയ്സ്)

RNU TVPM

*വയനാട്ടിലെ ദുരിതബാധിതർക്കുള്ള CMDRF സംഭാവനകൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് ധന വകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സംവിധാനം ഒരുക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ദുരുപയോഗ സാധ്യത കണക്കിലെടുത്ത് ക്യു ആർ കോഡ് സംവിധാനം പിൻവലിക്കാൻ തീരുമാനിച്ചതായും അദ്ദേഹം അറിയിച്ചു. പകരം യുപിഐ ഐ ഡി വഴി ജനങ്ങൾക്ക് സംഭാവന നൽകാം. തീവ്ര മഴ പ്രവചനം മെച്ചപ്പെടുത്തുന്നതിനായി കേരളത്തിന് അനുസൃതമായ 'മോഡൽ പരാമീറ്റേഴ്സ്' വികസിപ്പിക്കുന്നതിന് പഠനങ്ങൾ നടത്താൻ കോട്ടയത്തെ കാലാവസ്ഥ വ്യതിയാന പഠനകേന്ദ്രത്തോട്*

*ആവശ്യപ്പെടുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ദുരിതാശ്വാസപ്രവർത്തങ്ങൾക്കൊപ്പം വെള്ളാർമല സ്കൂളിലെ വിദ്യാർത്ഥികളുടെ പഠനം മുടങ്ങാതിരിക്കാൻ സംവിധാനം ഒരുക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.*

*(മുഖ്യമന്ത്രി - വോയ്സ്)*

*ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, സംസ്ഥാന പ്രതിപക്ഷ നേതാവ്, കർണാടക മുഖ്യമന്ത്രി, നാഷണൽ സർവ്വീസ് സ്കീം, വ്യവസായ- സാംസ്കാരിക മേഖലകളിലെ പ്രമുഖർ തുടങ്ങിയവർ വയനാടിനായി വിവിധ സഹായങ്ങൾ വാഗ്ദാനം ചെയ്തതായും മുഖ്യമന്ത്രി അറിയിച്ചു. ന്യൂസ് ഡെസ്ക്, ആകാശവാണി.......*

RNU TVPM

************************************

## ദുരിതാശ്വാസ നിധി

മുണ്ടക്കൈ - ചൂരൽമല - അട്ടമല ഉരുൾപൊട്ടലിൽ മരിച്ചവരുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം നൽകുന്നതിന് സംസ്ഥാന ദുരന്ത നിവാരണ പ്രതികരണ നിധിയിൽ നിന്നും ജില്ലാ കളക്ടർക്ക് നാല് കോടി രൂപ അനുവദിച്ചു. ദുരന്ത ബാധിതർക്കുള്ള സഹായമായി, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കഴിയുന്നവരെല്ലാം സംഭാവന നൽകണമെന്ന് മുഖ്യമന്ത്രി അഭ്യർത്ഥിച്ചു. വിവിധ സംഘടനകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്നത് തുടരുകയാണ്. ഉരുൾപൊട്ടൽ മേഖലയിൽ ഇന്ന് സന്ദർശനം നടത്തിയ ചലച്ചിത്രതാരം ലഫ്. കേണൽ മോഹൻലാൽ, വിശ്വശാന്തി ഫൗണ്ടേഷൻ മൂന്നു കോടി നൽകുമെന്ന് അറിയിച്ചു.

മുഖ്യമന്ത്രിയും ഭാര്യയും ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി. സിപിഐഎം എംഎൽഎമാരും എംപിമാരും ഒരു മാസത്തെ വേതനം ദുരിതാശ്വാസനിധിയിലേക്ക് നൽകും.

************************************

## വയനാട് - ജി.ആർ അനിൽ

മുണ്ടക്കൈ, ചുരൽമല പ്രദേശങ്ങളിലെ ഗുണഭോക്താക്കൾക്ക് ഈ മാസത്തെ റേഷൻ വിഹിതം സൗജന്യമായി നൽകുമെന്ന് ഭക്ഷ്യമന്ത്രി ജി.ആർ. അനിൽ. ARD 44, 46 റേഷൻ കടകളിലെ ഗുണഭോക്താക്കൾക്കാണ് സൗജന്യ റേഷൻ നൽകുക.

************************************

RNU TVPM

## വയനാട് - പി.എ. മുഹമ്മദ് റിയാസ്

വയനാട്ടിലേക്ക് അനാവശ്യ യാത്രകൾ ഒഴിവാക്കണമെന്ന് മന്ത്രി പി.എ. മുഹമ്മദ് റിയാസ്. ദുരന്തമേഖല അനാവശ്യമായി സന്ദർശിക്കുന്നവർ രക്ഷാപ്രവർത്തനത്തിന് തടസ്സമാകുന്നുണ്ടെന്നും അത്തരം വാഹനങ്ങൾ തടയേണ്ടി വരുമെന്നും അദ്ദേഹം വ്യക്തമാക്കി. ഭക്ഷണ സാധനങ്ങളുമായി ദുരിതാശ്വാസ ക്യാംപുകളിലേക്കുള്ള സന്ദർശനവും ഒഴിവാക്കണമെന്ന് മന്ത്രി പറഞ്ഞു.

************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന്

പ്രക്ഷേപണം ചെയ്യുന്നു. ഇന്ന് പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

**************************************

മഴ

കേരള തീരം മുതൽ തെക്കൻ ഗുജറാത്ത് തീരം വരെയുള്ള ന്യൂനമർദ പാത്തിയുടെ ഫലമായി സംസ്ഥാനത്ത് ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോട്ടയം, ഇടുക്കി, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്നും നാളെയും മഞ്ഞ ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. കർണാടക തീരത്ത് മത്സ്യബന്ധനത്തിന് പോകാൻ പാടില്ല. കേരള തീരത്ത് നാളെ രാത്രിവരെ ഉയർന്ന തിരമാലയ്ക്കും കള്ളക്കടൽ പ്രതിഭാസത്തിനും സാധ്യതയുണ്ടെന്നും മുന്നറിയിപ്പ്.

**************************************

മുല്ലപെരിയാർ ഡാം

ഇടുക്കി മുല്ലപ്പെരിയാർ അണക്കെട്ട് തുറക്കേണ്ട സാഹചര്യം ഉണ്ടായാൽ ആവശ്യമായ എല്ലാ മുന്നൊരുക്കങ്ങളും ജില്ലാ ഭരണകൂടം സ്വീകരിച്ചിട്ടുണ്ടെന്ന് കളക്ടർ അറിയിച്ചു. ഡാമിലെ ജലനിരപ്പ് ഇന്ന് 131.75 അടിയാണ്. 137 അടിയിൽ ജലനിരപ്പ് എത്തിയാൽ മാത്രമേ ഡാം തുറക്കേണ്ടതുള്ളൂ. ജനങ്ങളെ ഭയപ്പെടുത്തുന്ന തരത്തിൽ സമൂഹമാധ്യമങ്ങളിൽ വ്യാപക പ്രചരണം നടക്കുന്ന സാഹചര്യത്തിലാണ് വസ്തുതകൾ വ്യക്തമാക്കുന്നതെന്നും ജില്ലാ കളക്ടർ പറഞ്ഞു.

**************************************

RNU TVPM

## കർക്കടക വാവ്

കർക്കടകവാവ് ദിനമായ ഇന്ന് പിതൃസ്മരണയിൽ സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ ബലിതർപ്പണചടങ്ങുകൾ നടന്നു. തിരുവനന്തപുരം വർക്കല, തിരുവല്ലം, ശംഖുമുഖം, കൊല്ലം ജില്ലയിലെ തിരുമുല്ലവാരം, മുണ്ടയ്ക്കൽ പാപനാശം, ആലുവാ മണപ്പുറം, ആറന്മുള ക്ഷേത്രക്കടവ്, കണ്ണൂർ തളാപ്പ് സുന്ദര ക്ഷേത്രം, തലശ്ശേരി ജഗന്നാഥ ക്ഷേത്രം, പയ്യാമ്പലം കടപ്പുറം തുടങ്ങിയ ഇടങ്ങളിൽ പുലർച്ചെ മുതൽ തന്നെ ചടങ്ങുകൾ ആരംഭിച്ചിരുന്നു. പലയിടങ്ങളിലും വൻ തിരക്കാണ് അനുഭവപ്പെട്ടത്. തിരക്ക് നിയന്ത്രിക്കുന്നതിനായി, കൊച്ചി മെട്രോയും കെഎസ്ആർടിസിയും അധിക സർവ്വീസ് നടത്തി. അമാവാസി രണ്ടു ദിവസങ്ങളിലായതിനാൽ ചിലയിടങ്ങളിൽ നാളെയാണ് വാവുബലി.

RNU TVPM

***********************************

## ഒളിമ്പിക്സ്

പാരീസ് ഒളിമ്പിക്സിൽ ഷൂട്ടിങ്ങിലും അമ്പെയ്ത്തിലും ഇന്ന് ഇന്ത്യയുടെ മെഡൽ പ്രതീക്ഷ മങ്ങി. വനിതകളുടെ 25 മീറ്റർ പിസ്റ്റൾ ഫൈനലിനിറങ്ങിയ മനു ഭാകർ നാലാം സ്ഥാനത്താണ് ഫിനിഷ് ചെയ്തത്. വനിതകളുടെ അമ്പെയ്ത്ത് വ്യക്തിഗത മത്സരങ്ങളിൽ ദീപിക കുമാരിയും ഭജൻ കൗറും പരാജയപ്പെട്ടു. പുരുഷ ഹോക്കിയുടെ ക്വാർട്ടർ ഫൈനലിൽ ഇന്ത്യ നാളെ ബ്രിട്ടനെ നേരിടും.

***********************************

## ഭൂഗർഭ പാത - വി.എൻ. വാസവൻ

കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിക്ക് മുന്നിലെ ഭൂഗർഭപാതയുടെ നിർമാണ പുരോഗതി മന്ത്രി വി.എൻ.

വാസവൻ വിലയിരുത്തി. പാത ഓണത്തിന് തുറന്നു കൊടുക്കുമെന്ന് മന്ത്രി അറിയിച്ചു. പാതയുടെ നിർമാണത്തോടനുബന്ധിച്ച് അടച്ച, മെഡിക്കൽ കോളജ് ആശുപത്രിയുടെ മുമ്പിലെ റോഡ് ഗതാഗതത്തിനായി തുറന്നു കൊടുത്തു. 1.3 കോടി രൂപ ചെലവിൽ നിർമിക്കുന്ന ഭൂഗർഭപാതയിൽ, രോഗികളെ വീൽചെയറുകളിൽ കൊണ്ടുപോകുന്നതിന് വേണ്ട സജ്ജീകരണം ഒരുക്കുമെന്നും മന്ത്രി പറഞ്ഞു.

************************************

## നീറ്റ് പിജി - പരീക്ഷാ കേന്ദ്രം

കേരളത്തിന് നീറ്റ് പിജി പരീക്ഷാ കേന്ദ്രം അനുവദിക്കാൻ തീരുമാനിച്ച നരേന്ദ്രമോദി സർക്കാരിന് നന്ദി അറിയിക്കുന്നതായി ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ. സംസ്ഥാനത്ത് നീറ്റ് പിജി പരീക്ഷാ കേന്ദ്രം വേണമെന്ന എം. ബി. ബി. എസ് ഡോക്ടർമാരുടെ നിരന്തരമായ ആവശ്യം കേന്ദ്ര ആരോഗ്യമന്ത്രി ജെ. പി നദ്ദയോട് ഉന്നയിച്ചിരുന്നതായി അദ്ദേഹം പറഞ്ഞു. ഈ മാസം അഞ്ചിന് സെന്റർ പ്രഖ്യാപിക്കുമെന്ന് കേന്ദ്രമന്ത്രി അറിയിച്ചതായി ശ്രീ. സുരേന്ദ്രൻ വ്യക്തമാക്കി.

RNU TVPM

************************************

## കന്നുകാലി

വയനാട്ടിലെ ഉരുൾപൊട്ടൽ ദുരന്തത്തിൽ ഒറ്റപ്പെട്ടുപോയ കന്നുകാലികൾ ഉൾപ്പെടെയുള്ള വളർത്തു മൃഗങ്ങൾക്ക് ആവശ്യമായ ചികിത്സ നൽകിയ ശേഷം തുടർനടപടികൾ സ്വീകരിക്കുമെന്ന് മൃഗസംരക്ഷണ വകുപ്പ് അറിയിച്ചു. ചൂരൽമല, മുണ്ടക്കൈ എന്നീ ദുരന്ത ബാധിത മേഖലകളിൽ നിന്നും കണ്ടെത്തുന്ന വളർത്തു കന്നുകാലികളെ ഏറ്റെടുക്കാൻ തയ്യാറായിട്ടുള്ള സമീപപ്രദേശങ്ങളിലെ ക്ഷീര

കർഷകർക്ക് അവയെ കൈമാറും. മൃഗങ്ങളെ ഏറ്റെടുക്കുന്നവരുടെ പേര് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തും. ചൂരൽമലയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന മൃഗസംരക്ഷണ വകുപ്പിന്റെ കൺട്രോൾ റൂമാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

*****************************************************

***********************************

**********************

RNU TVPM